## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6033** **04.07.2019 -ൽ മറുപടിയ്ക്ക്**

### പൊതുവിദ്യാലയങ്ങൾ ഡിജിറ്റലാക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ** | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) | പൊതുവിദ്യാലയങ്ങൾ മുഴുവൻ ഡിജിറ്റലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ഹൈടെക് പദ്ധതി ഏത് ഘട്ടത്തിലാണ്; | എ) ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ 44705 ക്ലാസ് മുറികളിലേയ്ക്ക് 59772 ലാപ്ടോപ്പ്, 43422 മൾട്ടിമീഡിയ പ്രൊജക്ടർ, 41794 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 41778 എച്ച്.ഡി.എം.ഐ. കേബിൾ, 40614 ഫേസ് പ്ലേറ്റ്, 23104 വൈറ്റ് സ്ക്രീൻ, 42739 യു.എസ്.ബി. സ്പീക്കർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4545 എൽ.ഇ.ഡി. ടെലിവിഷൻ (42"), 4720 എച്ച്.ഡി. വെബ് ക്യാം എന്നീ ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു. 4751 ഹൈടെക് സ്കൂളുകൾക്ക് അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കിയതോടൊപ്പം 9046 സർക്കാർ, എയ്ഡഡ് പ്രൈമറി, അപ്പർപ്രൈമറി വിദ്യാലയങ്ങൾക്കും ബ്രോഡ്ബാന്റ് ലഭ്യമാക്കിയിട്ടുണ്ട്. ഹൈടെക് സംവിധാനം പ്രൈമറി ക്ലാസുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള ഉപകരണ വിതരണ ഉദ്ഘാടനം 2019 ജൂലൈ 5 ന് ബഹു. മുഖ്യമന്ത്രി നിർവഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം, സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ ഹൈടെക് സംവിധാനം 2019-20 അദ്ധ്യയന വർഷം നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| ബി) | എൽ.പി., യു.പി. സ്കൂളുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതി ഈ അദ്ധ്യയന വർഷം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇതിനായി അദ്ധ്യാപക പരിശീലനവും സമഗ്ര വിഭവ പോർട്ടൽ എന്നിവ പൂർത്തിയാക്കിയിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | എൽ.പി., യു.പി. സ്കൂളുകളിൽ നൽകുന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേടുവന്നാൽ നന്നാക്കുന്നതിനുള്ള സംവിധാനം എന്താണ്. | ഡി) | പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിയുടേതുൾപ്പെടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സ്കൂളുകൾക്ക് നൽകുന്ന എല്ലാ ഹാർഡ്‌വെയർ ഉപകരണങ്ങൾക്കും 5 വർഷത്തെ വാറണ്ടി ഉറപ്പുവരുത്തിയിട്ടുണ്ട്. ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ ഉടൻ തന്നെ അത് ബന്ധപ്പെട്ടവരെ അറിയിക്കുന്നതിന് കംപ്ലെയിന്റ് രജിസ്ട്രേഷൻ സിസ്റ്റവും കോൾ സെന്റർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| ഇ) | ഈ പദ്ധതിക്കായി എത്രകോടി രൂപ ഇതിനകം ചെലവഴിച്ചു ? | ഇ) | പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിയ്ക്കായി 292 കോടി രൂപ (ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട് കോടി രൂപ മാത്രം) കിഫ്ബി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ